**No. CEE/4050/2016/KEAM-2017/TA1**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## 2017- ലെ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം

### ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ മൈനോറിറ്റി കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനായി അപേക്ഷിച്ചവരുടെ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ ബന്ധപ്പെട്ട ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുള്ള മൈനോറിറ്റി കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനായി സമുദായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ/രേഖകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകരുടെ കാറ്റഗറി തിരിച്ചുള്ള താൽകാലിക ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ 20.08.2017–ന് പ്രസിദ്ധീകരിച്ചിരുന്നു. ലിസ്റ്റ് സംബന്ധമായി എന്തെങ്കിലും പരാതി കൾ ഉള്ള പക്ഷം ആവശ്യമായ തെളിവുകൾ സഹിതം **22.08.2017 വൈകുന്നേരം 5 മണിയ്ക്കു** മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. നിശ്ചിത സമയത്തിനകം ലഭിച്ച പരാതികൾ പരിഗണിച്ച ശേഷമുള്ള പുതുക്കിയ മൈനോറിറ്റി കാറ്റഗറി ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

കൊല്ലം അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ചിലെ ന്യൂനപക്ഷ ക്വാട്ടയിലേയ്ക്കുള്ള അപേക്ഷകരുടെ താൽകാലിക കാറ്റഗറി ലിസ്റ്റും മേൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ കോളേജിലെ താൽകാലിക കാറ്റഗറി ലിസ്റ്റ് സംബന്ധമായി എന്തെങ്കിലും പരാതികൾ ഉള്ള പക്ഷം ആവശ്യമായ തെളിവുകൾ സഹിതം **24.08.2017 വൈകുന്നേരം 5 മണിയ്ക്കു** മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. **പുതുതായി ഈ കാറ്റഗറികളിലേയ്ക്ക് സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതല്ല.**

തിരുവനന്തപുരം
23.08.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**